(എ) സംസ്ഥാനത്ത് പ്രശസ്ത നിലവാരം പുലർത്തുന്ന കോളേജുകളെ ഓട്ടോണമസ് കോളേജായി പ്രഖ്യാപിക്കാനുള്ള യു.ജി.സി നിർദ്ദേശങ്ങളിൽ ഗവൺമെന്റ് നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) യു.ജി.സി. നിയോഗിച്ച നാഷണൽ അസ്സെസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ പരിശോധനയെത്തുടർന്ന് സംസ്ഥാനത്തെ ഏതെല്ലാം കോളേജുകൾക്ക് പഞ്ചനക്ഷത്ര പദവി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) തീരുമാനം എടുത്തിട്ടില്ല.

(ബി) വിവരം ശേഖരിച്ചു വരുന്നു.

29 (*119) യു.ജി.സി. പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ശ്രീ. പി. നാരായണൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സത്യൻ മൊകേരി :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വകലാശാലകളിൽ അദ്ധ്യാപകർക്ക് യു.ജു.സി. പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി സംസ്ഥാനത്ത് ഓരോ സർവ്വകലാശാലയിലും എന്നുമുതലാണ് ആരംഭിച്ചത്;

(സി) ഇതിനായി കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച സഹായം എത്ര; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) യു.ജി.സി സ്കെയിലും പദ്ധതിയും നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഇ) ഈ പദ്ധതി നടപ്പിലാക്കുന്നതുമൂലം സംസ്ഥാന സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതകൾ എന്തൊക്കെയാണ്?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഉണ്ട്. 21.12.99 ലെ ജി.ഒ (പി) 171/99/ഇവിവ നംപരായുള്ള ഉത്തരവിലെ 4.1 ഖണ്ഡിക മുതൽ 15.17 വരെയുള്ള ഖണ്ഡികയിൽ. വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(ബി) 1.1.1986 മുതൽ മുൻകാലപ്രാബല്യത്തോടെ 27.3.1990 ലെ ജി.ഒ (പി) 79/90/ഇവിവ നംപർ ഉത്തരവു പ്രകാരം യു.ജി.സി സ്കീം ആദ്യമായി സംസ്ഥാനത്ത് നടപ്പിലാക്കി.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആകെ കിട്ടാനുള്ള തുക 133 കോടി രൂപയാണ്. അതിൽ 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) യു.ജി.സി നിർദ്ദേശമനുസരിച്ച് അദ്ധ്യാപകർ ആഴ്ചയിൽ 6 ദിവസം വച്ച് 30 ആഴ്ചയോ 5 ദിവസം വച്ച് 36 ആഴ്ചയോ ആഴ്ചയിൽ 40 മണിക്കൂർ വച്ച് അദ്ധ്യയനം നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനുള്ള ഉത്തരവ് ജി.ഒ. (പി)നം.171/99/ഇവിവ പ്രകാരം 21.12.99-ൽ പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ഭൂരിപക്ഷം അദ്ധ്യാപകരും ഇതിന് വിമുഖരാണെന്നുള്ള പ്രശ്നം നിലനിൽകുന്നു. ഇതിനെതിരായി അദ്ധ്യാപക സംഘടനകൾ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ചില മാറ്റങ്ങൾ 18.2.2000-ലെ ജി.ഒ. (പി) 21/2000/ഉവിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.

(ഇ) 1.1.1996 മുതൽ 31.3.2000 വരെയുള്ള മൊത്തം അധിക ബാധ്യത 1,66,24,50,216/- രൂപയാണ്. ഇതിൽ 133 കോടി രൂപ കേന്ദ്രസർക്കാർ തരേണ്ടതാണ്. 1.4.2000 മുതൽ മൊത്തം ബാധ്യതയും സംസ്ഥാന സർക്കാർ തന്നെയാണ് വഹിക്കേണ്ടത്. ഇതുമൂലം പ്രതിവർഷം ഏകദേശം 421/2 കോടി രൂപയുടെ അധിക ബാധ്യതയുണ്ടാകും.

30 (*120) സൂപ്പർ ഹൈവേയുടെ രൂപരേഖ

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണത്തിന് ലക്ഷ്യമിട്ടിട്ടുള്ള സൂപ്പർ ഹൈവേയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപിത പദ്ധതിയായ എക്സ്പ്രസ് ഹൈവേയിൽ കേരളത്തെ ഉൾപ്പെടുത്താത്തത് സംസ്ഥാനത്തിന്റെ വികസനത്തിന് ദോഷകരമായി തീരുമെന്നുള്ള സംഗതി സർക്കാരിന് ബോദ്ധ്യമായിട്ടുണ്ടോ;

(സി) എങ്കിൽ ഈ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തുന്നതിന് സമ്മർദ്ദം ചെലുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) :

(എ) സംസ്ഥാനത്ത് ലക്ഷ്യമിടുന്ന സൂപ്പർ ഹൈവേയ്ക്കു വേണ്ടിയുള്ള ഒരു സാദ്ധ്യതാപഠനം 1997-ൽ റൈറ്റ്സ് എന്ന സ്ഥാപനത്തെകൊണ്ട് നടത്തിയിരുന്നു. ആ പഠനത്തിൽ ഉത്തര ദക്ഷിണ എക്സ്പ്രസ് വേയ്ക്കു വേണ്ടിയുള്ള ഒരു അലൈൻമെന്റ് നിർണ്ണയിക്കുകയുണ്ടായി. ഈ അലൈൻമെന്റ പ്രകാരമുള്ള രണ്ടാമത്തെ ലിങ്ക് പച്ചപൊയ്ക (കണ്ണൂർ) മുതൽ കുന്ദമംഗലം (കോഴിക്കോട്) വരെ വിശദമായ സാദ്ധ്യതാ പഠനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ നിർമ്മാണം, നിർമ്മിക്കുക, പ്രവർത്തിക്കുക കൈമാറുക (ബി.ഒ.ടി) അടിസ്ഥാനത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly